പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1945

11.02.2020 ൽ മറുപടി നൽകേണ്ടിയിരുന്നത്

## കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ്

| | ചോദ്യം<br>ശ്രീ.പി.സി ജോർജ്ജ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| (എ)<br><br>(ബി) | കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഏതെല്ലാം സ്ഥാപനങ്ങളിലെ ഏതെല്ലാം തസ്തികകളാണ് പുതിയതായി ഉൾപ്പെടുത്തിയത്; വിശദാംശം ലഭ്യമാക്കുമോ ;<br><br>ഓഫീസ് അറ്റൻഡന്റ് കാറ്റഗറിയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതുമായ തസ്തികകൾ ഏതെല്ലാമാണ്; വിശദമാക്കുമോ ; | (എ)<br>&<br>(ബി) | 03.02.2016-ലെ ജി.ഒ (പി) നം.8/2016/പൊഭവ നമ്പർ സർക്കാർ ഉത്തരവ് (എസ് ആർ ഒ നം. 107/2016 വിജ്ഞാപനം) പ്രകാരം ചുവടെ പറയുന്ന തസ്തികകൾ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. മോട്ടോർ സൈക്കിൾ ഓർഡർലി<br>2. ക്ലറിക്കൽ അസിസ്റ്റന്റ്<br>3. ബൈൻഡർ<br>4. ലിഫ്റ്റ് ഓപ്പറേറ്റർ<br>5. ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ<br>6. അറ്റൻഡർ<br>7. നോട്ടം<br>8. ഓഫീസ് അറ്റൻഡന്റ്<br>(03.02.2016-ലെ ജി.ഒ (പി) നം.8/2016/പൊഭവ നമ്പർ സർക്കാർ ഉത്തരവിന്റെപകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (സി) | സെക്രട്ടേറിയറ്റിലെ ഇൻഫർമേഷൻ അസിസ്റ്റന്റ്, ഫോട്ടോകോപ്പിയർ ഓപ്പറേറ്റർ എന്നീ തസ്തികകളെ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കി | (സി)&<br>(ഡി) | ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ ഇൻഫർമേഷൻ അസിസ്റ്റന്റ് എന്ന തസ്തിക നിലവിലില്ല. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ജില്ലാ ഇൻഫർമേഷൻ ഓഫീസുകളിൽ നടപ്പിലാക്കി വരുന്ന 'പ്രിസം' എന്ന പദ്ധതിയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയ |

| | | | |
|---|---|---|---|
| (ഡി) | ൽ ഉൾപ്പെടുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ;<br><br>ഇതുമായി ബന്ധപ്പെട്ട് ഇതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ ; | | മിക്കുന്ന ഉദ്യോഗാർത്ഥികളെ ഇൻഫർമേഷൻ അസിസ്റ്റന്റ് എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ എന്ന തസ്തിക നിലവിലുണ്ട് . പ്രസ്തുത തസ്തിക 26-07-1967 ലെ സ.ഉ (കൈ) 241/67/പി ഡി നമ്പർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) |
| (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സർക്കാർ ജീവനക്കാരാകുന്നവർക്ക് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പ്രകാരം ഏതൊക്കെ തസ്തികകളിൽ തസ്തികമാറ്റം വഴി നിയമനത്തിന് അപേക്ഷിക്കാൻ സാധിക്കും; ഇത്തരം നിയമനങ്ങൾക്ക് പ്രത്യേക അനുപാതം നിശ്ചയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ഇ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി സർക്കാർ ജീവനക്കാരായി ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമിതരാകുന്ന സെക്രട്ടേറിയറ്റിലെ ജീവനക്കാർക്ക് കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന ബൈൻഡർ, ലിഫ്റ്റ് ഓപ്പറേറ്റർ, ഡ്യൂപ്ലിക്കേറ്റിങ് മെഷീൻ ഓപ്പറേറ്റർ എന്നീ തസ്തികകളിലേക്ക് തസ്തികമാറ്റം വഴി നിയമനത്തിന് അപേക്ഷിക്കുവാൻ സാധിക്കും. ടി നിയമനങ്ങൾക്ക് പ്രത്യേകം അനുപാതം നിശ്ചയിച്ചിട്ടില്ല. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് ഇത്തരം നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ